പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **695.**

08/03/2012 - ൽ മറുപടിയ്ക്ക്

## പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്. | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സാ സമ്പ്രദായം പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആയുർവ്വേദ ചികിത്സാ സമ്പ്രദായം പ്രചരിപ്പിക്കുന്നതിന് 'പ്രൊപ്പഗേഷൻ ഓഫ് ആയുർവ്വേദ' എന്ന ശീർഷകത്തിൽ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. വിദഗ്ധരായ ആയുർവ്വേദ ഡോക്ടർമാർക്ക് അവാർഡുകൾ നല്കി ആദരിക്കുന്നു. സ്പോർട്സ് മെഡിസിൻ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, പട്ടികജാതി സംരക്ഷണ പ്രോജക്ടുകൾ, വയോജന പ്രോജക്ടുകൾ, കുട്ടികളുടേയും അമ്മമാരുടേയും ക്ഷേമപദ്ധതികൾ, എൻഡോസൾഫാൻ ബാധിതർക്കുള്ള ചികിത്സകൾ, പകർച്ചവ്യാധി ക്യാമ്പുകൾ, ട്രയിനിംഗ് പ്രോഗ്രാമുകൾ, ഔഷധ സസ്യകൃഷി എന്നീ കർമ്മപദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം/കണ്ണൂർ/തൃപ്പൂണിത്തുറ എന്നീ സർക്കാർ ആയുർവേദ കോളേജുകളെ കേന്ദ്രീകരിച്ച് പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ അടുത്ത വർഷം മുതൽ ജീവിതശൈലിജന്യ |

| | |
|---|---|
| | രോഗങ്ങളായ രക്താതിമർദ്ദം (High BP) അമിത വണ്ണം (Obesities) പ്രമേഹം (Diabetics) എന്നീ രോഗങ്ങളുടെ ചികിത്സക്കും പ്രതിരോധത്തിനും ഉതകുന്ന ബഹുവിധ കർമ്മപരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയുർവ്വേദ ചികിത്സയുടെ വിവരങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുന്നതിനായി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പേറ്റന്റ് സെൽ താളിയോലക്കെട്ടുകളിൽ നിന്നും കണ്ടെത്തുന്ന ചികിത്സാ വിധികൾ ഉൾപ്പെടുത്തി കേരളീയ ഔഷധ വിജ്ഞാനം എന്ന പേരിൽ പുറത്തിറക്കി വരുന്ന പുസ്തകങ്ങളുടെ 9 പുതിയ പതിപ്പുകൾ കൂടി പുറത്തിറക്കുന്നതാണ്. കൂടാതെ ആയുർവ്വേദ പ്രചരണത്തിനായി ദേശീയ തലത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നതാണ്. |
| (ബി) പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) പരിഗണിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) 16/2/2012 ലെ ജി.ഒ.(എം.എസ്) 59/12/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം 2011 - 12 സാമ്പത്തിക വർഷം 23 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം മുഖേന 241 താല്ക്കാലിക ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.